"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കൊല്ലം ചൊവ്വള്ളൂർ സെന്റ് ജോർജ്ജ്സ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ വൊക്കേഷണൽ ടീച്ചറായ ശ്രീമതി. ദിവ്യ എം.ആർ. ഫയൽ ചെയ്ത WP(C)No.18694/2021 കേസിൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച 24.2.2023ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.3310/2023/GEDN തീയതി, തിരുവനന്തപുരം, 07-06-2023

---

പരാമർശം:- 1. ശ്രീമതി. ദിവ്യ എം.ആർ. ഫയൽ ചെയ്ത WP(C)No. 18694/2021 കേസിലെ 24.2.2023-ലെ വിധിന്യായം

2. ശ്രീമതി. ദിവ്യ എം.ആർ. സമർപ്പിച്ച 10.4.2023-ലെ ഹർജി

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം) 25.10.2022, 22.2.2023, 11.4.2023 തീയതികളിലെ E3/10222/2018 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ചൊവ്വള്ളൂർ സെന്റ് ജോർജ്ജ്സ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ വൊക്കേഷണൽ ടീച്ചറായ (MRDA) ശ്രീമതി. ദിവ്യ എം.ആർ. ഫയൽ ചെയ്ത WP(C)No.18694/2021 കേസിലെ 24.2.2023-ലെ വിധിന്യായം പ്രകാരം ഹർജിക്കാരിയുടെ സ്ഥിര നിയമനത്തിന് അംഗീകാരം നിഷേധിച്ചുകൊണ്ടുള്ള Ext P5 സർക്കാർ കത്ത്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ Ext P4 കത്ത് എന്നിവ അസ്ഥിരപ്പെടുത്തിയ കോടതി ഹർജിക്കാരിയുടെ നിയമനാംഗീകാര പ്രപ്പോസൽ പുനഃപരിശോധിച്ച് ഒരു മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിന് നിർദ്ദേശം നൽകുകയുണ്ടായി .

*2.*തുടർന്ന് കൊല്ലം ചൊവ്വള്ളൂർ സെന്റ് ജോർജ്ജ്സ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ വൊക്കേഷണൽ ടീച്ചറായ ശ്രീമതി ഷീജ സി.ഒ.യുടെ

ദീർഘകാല അവധിയൊഴിവിൽ **01.10.2007** മുതൽ നിയമനം ലഭിക്കുകയും അത് അംഗീകരിക്കുകയും ചെയ്തിരുന്നു എന്നും, **WP© No. 18694/2021** കേസിലെ **24.2.2023**-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ഷീജയുടെ രാജി ഒഴിവിലെ തന്റെ **0 1 . 0 8 . 2 0 1 8** മുതലുള്ള സ്ഥിരനിയമനം അംഗീകരിക്കണമെന്നുമാവശ്യപ്പെട്ട് ശ്രീമതി. ദിവ്യ എം.ആർ. സർക്കാർ മുൻപാകെ പരാമർ ശം ( 2 ) പ്രകാരം നിവേദനം സമർപ്പിക്കുകയുണ്ടായി. മാത്രമല്ല, സമാന സാഹചര്യത്തിൽ ഉമ്മന്നൂർ സെന്റ് ജോൺസ് വി.എച്ച്.എസ്.സ്കൂളിൽ **2007** മുതൽ ലീവ് വേക്കൻസി തസ്തികയിൽ പ്രവേശിച്ച കമ്പ്യൂട്ടർ വൊക്കേഷണൽ ടീച്ചർ ശ്രീമതി. സരിത ജോർജ്ജിനെ **02.06.2019** മുതൽ സ്ഥിരം അധ്യാപകൻ രാജി വച്ച ഒഴിവിലേയ്ക്ക് സ്ഥിരനിയമനം നടത്തിയത് അംഗീകരിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായിട്ടുണ്ട് എന്നും, അവധി ഒഴിവിൽ നിയമിക്കപ്പെടുന്നവരുടെ നിയമനം പിന്നീടുണ്ടാകുന്ന **First arising vacancy**-യിൽ ക്രമവൽക്കരിച്ച് നൽകുന്നതിന് **09.11.1999**-ലെ സ.ഉ.(കൈ) നം. **275/99**/പൊ.വി.വ. പ്രകാരം ഉത്തരവ് നിലവിലുള്ളതിനാൽ ചട്ടം **51 A** അവകാശി എന്നത് പരിഗണിച്ച് തന്റെ **01.08.2018** മുതലുള്ള സ്ഥിരം ഒഴിവിലെ നിയമനം അംഗീകരിക്കണമെന്നും ഹർജിക്കാരി ആവശ്യപ്പെടുകയുണ്ടായി .

**3.** കൊല്ലം ചൊവ്വള്ളൂർ സെന്റ് ജോർജ്ജ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ വൊക്കേഷണൽ ടീച്ചറായ ശ്രീമതി ഷീജ സി.ഒ.യുടെ **01.10.2007** മുതൽ **31.7.2018** വരെയുള്ള ദീർഘകാല അവധിയൊഴിവിൽ ശ്രീമതി. ദിവ്യ എം.ആർ.ന് നിയമനം ലഭിക്കുകയും, *അത്* അംഗീകരിക്കുകയും ചെയ്തിരുന്നു എന്നും തുടർന്ന് ശ്രീമതി ഷീജ സി.ഒ. **01.08.2018**-ൽ രാജി വച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ ശ്രീമതി.ദിവ്യ എം.ആർ.നെ നിയമിച്ചുവെങ്കിലും എൻ.എസ്.ക്യു.എഫ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വൊക്കേഷണൽ ടീച്ചർ തസ്തികയിൽ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലാണ് ടിയാരിയുടെ നിയമനത്തിന് അംഗീകാരം നൽകാതിരുന്നത് എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. കൂടാതെ, ഉമ്മന്നൂർ സെന്റ് ജോൺസ് വി.എച്ച്.എസ് സ്കൂളിലെ വൊക്കേഷണൽ അധ്യാപകനായിരുന്ന ശ്രീ.ഷെറി രാജൻ **01.06.2005** മുതൽ **31.05.2019** വരെ ശൂന്യവേതനാവധി എടുത്ത ഒഴിവിൽ ശ്രീമതിസരിത ജോർജിനെ **06.12.2006** മുതൽ മാനേജർ നിയമിക്കുകയും, ശ്രീഷെറി രാജൻ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിനാൽ സർവീസിൽ നിന്നും നിക്കം ചെയ്തതിനെ തുടർന്നുണ്ടായ സ്ഥിരം ഒഴിവിൽ **02.06.2019** മുതൽ ശ്രീമതി.സരിത ജോർജിനെ നിയമിക്കുകയും, പ്രസ്തുത നിയമനം അംഗീകരിച്ച് നൽകിയിട്ടുള്ളതുമാണ് എന്നും, നിയമന നിരോധനം നിലനിൽക്കെയാണ് സമാനമായ സാഹചര്യത്തിൽ ശ്രീമതി.സരിത ജോർജിന് നിയമനാംഗീകാരം നൽകിയിട്ടുള്ളത് എന്നും, ശ്രീമതി.

സരിത ജോർജിന്റെ നിയമനം അംഗീകരിച്ചു നൽകുന്നതിന് സർക്കാർ തലത്തിൽ നിർദ്ദേശമോ ഉത്തരവോ നൽകിയിട്ടില്ല എന്നും പരാമർ ശം (3) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി .

4.സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. കൊല്ലം ചൊവ്വള്ളൂർ സെന്റ് ജോർജ്സ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ വൊക്കേഷണൽ ടീച്ചറായ ശ്രീമതി ഷീജ സി.ഒ.യുടെ 01.10.2007 മുതൽ 31.7.2018 വരെയുള്ള ദീർഘകാല അവധിയൊഴിവിൽ ശ്രീമതി. ദിവ്യ എം.ആർ.ന് നിയമനം ലഭിക്കുകയും, അത് അംഗീകരിക്കുകയും ചെയ്തിരുന്നു. തുടർന്ന്, ശ്രീമതി ഷീജ സി.ഒ. 01.08.2018-ൽ രാജി വച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ ശ്രീമതി.ദിവ്യ എം.ആർ.നെ നിയമിച്ചുവെങ്കിലും എൻ.എസ്.ക്യു.എഫ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വൊക്കേഷണൽ ടീച്ചർ തസ്തികയിൽ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ടിയാരിയുടെ സ്ഥിര നിയമനത്തിന് അംഗീകാരം ലഭിച്ചില്ല. സമാന സാഹചര്യത്തിൽ ഉമ്മന്നൂർ സെന്റ് ജോൺസ് വി.എച്ച്.എസ്. സ്കൂളിൽ 6.12.2006 മുതൽ ലീവ് വേക്കൻസി തസ്തികയിൽ പ്രവേശിച്ച കമ്പ്യൂട്ടർ വൊക്കേഷണൽ ടീച്ചർ ശ്രീമതി. സരിത ജോർജ്ജിനെ 02.06.2019 മുതൽ സ്ഥിരം അധ്യാപകനെ സർവീസിൽ നിന്നും നിക്കം ചെയ്തതിനെ തുടർന്നുണ്ടായ ഒഴിവിലേയ്ക്ക് സ്ഥിരനിയമനം നടത്തിയത് അംഗീകരിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായിട്ടുണ്ട് എന്നും അവധി ഒഴിവിൽ നിയമിക്കപ്പെടുന്നവരുടെ നിയമനം പിന്നീടുണ്ടാകുന്ന First arising vacancy-യിൽ ക്രമവൽക്കരിച്ച് നൽ കുന്നതിന് 09.11.1999-ലെ സ.ഉ.(കൈ)നം.275/99/പൊ.വി.വ. പ്രകാരം ഉത്തരവ് നിലവിലുള്ളതിനാൽ ചട്ടം 51 A അവകാശി എന്നത് പരിഗണിച്ച് 01.08.2018 മുതലുള്ള സ്ഥിരം ഒഴിവിലെ നിയമനം അംഗീകരിക്കണമെന്നും ആവശ്യപ്പെട്ടാണ് ഹർജിക്കാരി സർക്കാർ മുൻപാകെ നിവേദനം സമർപ്പിച്ചിട്ടുള്ളത്. എന്നാൽ വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിന് കെ.ഇ.ആർ ബാധകമല്ല. മാത്രമല്ല, വൊക്കേഷണൽ ഹയർ സെക്കൻഡറി വകുപ്പിൽ NSQF നിലവിൽ വരുന്നതിന്റെ ഭാഗമായി എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളിലെ നിയമനങ്ങൾ നിർത്തിവയ്ക്കാൻ 14.06.2018-ലെ 155/എസ്.സി3/18/പൊ.വി.വ കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം നിലനിൽക്കുന്ന സാഹചര്യത്തിൽ ഹർജിക്കാരിയുടെ ആവശ്യം പരിഗണിക്കാൻ കഴിയില്ല. എന്നാൽ , സമാന സാഹചര്യത്തിൽ ഉമ്മന്നൂർ സെന്റ് ജോൺസ് വി.എച്ച്.എസ്. സ്കൂളിൽ 6.12.2006 മുതൽ ലീവ് വേക്കൻസി തസ്തികയിൽ പ്രവേശിച്ച കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വൊക്കേഷണൽ ടീച്ചർ ശ്രീമതി. സരിത ജോർജ്ജിനെ, 02.06.2019 മുതൽ സ്ഥിരം അധ്യാപകനെ സർവീസിൽ നിന്നും നിക്കം

ചെയ്തതിനെ തുടർന്നുണ്ടായ ഒഴിവിലേയ്ക്ക് സ്ഥിരനിയമനം നടത്തിയത് സർക്കാർതലത്തിൽ നിർദ്ദേശമോ ഉത്തരവോ ഇല്ലാതെ തന്നെ **Ext P8** പ്രകാരം അംഗീകരിച്ചു നൽകിയതായും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **Ext P8** നടപടിക്രമത്തിന്റെയും **Ext P9** കത്തിന്റെയും അടിസ്ഥാനത്തിൽ നിയമനാംഗീകാര വിഷയം പുനഃപരിശോധിക്കണമെന്നാണ് ശ്രീമതി. ദിവ്യ എം.ആർ. ഫയൽ ചെയ്ത **WP(C) No.18694/2021**കേസിലെ **24.2.2023**-ലെ വിധിന്യായം പ്രകാരം സർക്കാരിന് നിർദ്ദേശം ലഭിച്ചിട്ടുള്ളത്. അതിനാൽ, സമാന സാഹചര്യത്തിലുള്ള രണ്ട് നിയമനാംഗീകാര വിഷയങ്ങളിൽ വ്യത്യസ്ത നിലപാടെടുക്കാൻ സർക്കാരിന് കഴിയില്ല. മാത്രമല്ല, ഉമ്മന്നൂർ സെന്റ് ജോൺസ് വി.എച്ച്.എസ്. സ്കൂളിലെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വൊക്കേഷണൽ ടീച്ചർ ആയി **02.06.2019** മുതൽ അംഗീകാരത്തോടെ തുടർന്ന് വരുന്ന ശ്രീമതി. സരിത ജോർജിന്റെ നിയമനം റദ്ദാക്കിയാൽ അത് കൂടുതൽ നിയമവ്യവഹാരങ്ങൾക്കും കാരണമായേക്കാം. അതിനാൽ ഉമ്മന്നൂർ സെന്റ് ജോൺസ് വി.എച്ച്.എസ്. സ്കൂളിൽ ലീവ് വേക്കൻസി തസ്തികയിൽ പ്രവേശിച്ച കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വൊക്കേഷണൽ ടീച്ചർ ശ്രീമതി. സരിത ജോർജ്ജിനെ **02.06.2019** മുതൽ സ്ഥിരനിയമനം നടത്തിയത് അംഗീകരിച്ചു നൽകിയതുപോലെ കൊല്ലം ചൊവ്വള്ളൂർ സെന്റ് ജോർജ്ജ്സ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ വൊക്കേഷണൽ ടീച്ചറായ ശ്രീമതി ഷീജ സി.ഒ.യുടെ ദീർഘകാല അവധിയൊഴിവിൽ നിയമനം ലഭിക്കുകയും തുടർന്ന് **01.08.2018** മുതലുണ്ടായ ശ്രീമതി ഷീജയുടെ രാജി ഒഴിവിൽ സ്ഥിരനിയമനം ലഭിക്കുകയും ചെയ്ത ഹർജിക്കാരിയുടെ നിയമനവും അംഗീകരിച്ചു നൽകുന്നതാണ് ഉചിതമെന്ന് കാണുന്നു .

***5.*** മേൽ സാഹചര്യത്തിൽ, കൊല്ലം ചൊവ്വള്ളൂർ സെന്റ് ജോർജ്ജ്സ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ വൊക്കേഷണൽ ടീച്ചറായ (എം.ആർ.ഡി.എ) ശ്രീമതി. ദിവ്യ എം.ആർ . ന്റെ **01.08.2018** മുതലുള്ള സ്ഥിരം ഒഴിവിലെ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകികൊണ്ട് പരാമർശം ( 1 ) ലെ ബഹു. ഹൈക്കോടതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ /ഓഡിറ്റ്), തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം, തിരുവനന്തപുരം

അസിസ്റ്റന്റ് ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം, കടപ്പാക്കട, കൊല്ലം

ശ്രീമതി. ദിവ്യ എം.ആർ., വൊക്കേഷണൽ ടീച്ചർ (MRDA), സെന്റ് ജോർജ്ജ്സ് വി.എച്ച്.എസ്.എസ്., ചൊവ്വള്ളൂർ, കൊല്ലം

കോർപ്പറേറ്റ് മാനേജർ, എം.എം.സി. കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂൾസ്, കാത്തോലിക്കേറ്റ് അരമന, ദേവലോകം, കോട്ടയം

വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 07-06-2023 16:04:41
സെക്ഷൻ ഓഫീസർ